GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Press Release

PR. 13/2025 13.02.2025

**പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് വിപുലമായ നടപടികളുമായി കൃഷി വകുപ്പ്: കൃഷി മന്ത്രി പി. പ്രസാദ്**

തിരുവനന്തപുരം: പച്ചക്കറിയുടെ ഉല്പാദനനത്തിൽ സ്വയംപര്യാപ്തതയിലേക്ക് എത്തുന്നതിനുള്ള വിപുലമായ പരിപാടികളാണ് കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് കൃഷി മന്ത്രി പി. പ്രസാദ് നിയമസഭയിൽ പ്രസ്താവിച്ചു. കേരളത്തിനാവശ്യമായ പച്ചക്കറി കേരളത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുന്നതിനു ജനകീയ പങ്കാളിത്തത്തോടെയുള്ള ശ്രമമാണ് സർക്കാർ നടത്തുന്നതെന്ന് മന്ത്രി അറിയിച്ചു. പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട് അദ്ദേഹം കൂട്ടിച്ചേർത്തു. പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യം വെച്ച് കർഷകരുടെ ആവശ്യപ്രകാരം സങ്കരയിനം പച്ചക്കറി വിത്തുകൾ കൃഷി വകുപ്പിന്റെ ആലത്തൂർ വിത്തുല്പാദന കേന്ദ്രത്തിൽ നിന്നും ഉല്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. പ്രാദേശികമായി ഗുണമേന്മയുള്ള വിത്തുല്പാദനം സാധ്യമാക്കുന്നതിന് ജീവനക്കാർക്കും കർഷകർക്കും പ്രത്യേക പരിശീലനം നൽകി വി.എഫ്.പി.സി.കെ യുടെ നേതൃത്വത്തിൽ 5 ഏക്കറിൽ വിത്തുകളും തൈകളും ഉല്പാദിപ്പിക്കുന്നതിനു സംവിധാനം ഒരുക്കുകയും കാർഷിക സർവ്വകലാശാല, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ച് (ഐ.ഐ.ഹെച്ച്.ആർ) എന്നിവിടങ്ങളിൽനിന്നുള്ള പുതിയ സങ്കര ഇനങ്ങൾ വാങ്ങി അതിനെ വർദ്ധിപ്പിച്ചാണ് കർഷകർക്ക് വിതരണം ചെയ്തത്. സങ്കരയിനം വിത്തുകളും തൈകളും വിതരണം ചെയ്യുന്ന പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതോടൊപ്പം, നാടൻ വിത്തുകളെയും സംക്ഷിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് വകുപ്പ് കൂടുതൽ ഊന്നൽ നൽകുമെന്നും മന്ത്രി അറിയിച്ചു. കേരളത്തിലെ ഫാർമുകളിൽ നിന്നും 195 ഉൽപ്പന്നങ്ങൾ കേരളഗ്രോ ബ്രാൻഡിൽ നിലവിൽ പുറത്തിറക്കിയിട്ടുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന 746 ഉല്പന്നങ്ങൾക്കും കേരളഗ്രോ ബ്രാൻഡ് നല്കിയിട്ടുണ്ട്. കേരളഗ്രോ ബ്രാൻഡ് ഷോപ്പുകളും നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഫാം ടൂറിസത്തിനു സർക്കാർ നല്ല പ്രാധാന്യം നൽകുന്നുണ്ട്. കേരളത്തിലെ 64 ഫാമുകളിലും ഫാം ഫെസ്റ്റുകൾ സംഘടിപ്പിക്കാൻ കൃഷി വകുപ്പ് തീരുമാനിച്ചിട്ടുണ്ടെന്നും കൃഷി വകുപ്പിന് ഇത്തരത്തിൽ

വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും ഫാമുകളുടെ വരുമാനത്തിൽ നിന്നും ഫെസ്റ്റ് സംഘടിപ്പിക്കുന്നതിന് ഫണ്ട് വിനിയോഗിക്കുന്നതിനു അനുമതി നൽകുന്നത് സംബന്ധിച്ച് അനുഭാവപൂർണമായ നടപടി സ്വീകരിക്കുമെന്ന് മന്ത്രി അറിയിച്ചു. നിലവിലെ സർക്കാർ വന്നതിനു ശേഷം സംസ്ഥാനത്തിന് പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ, ഇതിനായി സ്വീകരിച്ച നടപടികൾ, ഘടക പദ്ധതികൾ, അത്യുൽപാദന ശേഷിയുള്ള വിത്തുകളും തൈകളും കർഷകർക്ക് നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം തുടങ്ങിയ നെന്മാറ എം.എൽ.എ. കെ. ബാബുവിന്റെ ചോദ്യങ്ങൾക്ക് നിയമസഭയിൽ ചോദ്യോത്തരവേളയിൽ മറുപടി പറയുകയായിരുന്നു കൃഷി മന്ത്രി.

വിഷരഹിത പച്ചക്കറി എന്നത് അതീവ പ്രാധാന്യമുള്ള വിഷയമാണ്. കേരളത്തിൽ പച്ചക്കറിക്കുള്ള വലിയ വിപണി ലക്ഷ്യമാക്കി അന്യ സംസ്ഥാനങ്ങളിൽ നിന്നും അനുവദനീയമായ അളവിൽ കൂടുതൽ കീടനാശിനിയുടെ സാന്നിധ്യമുള്ള പച്ചക്കറികൾ സംസ്ഥാനത്ത് എത്തുന്നത് കാർഷിക സർവകലാശാലയുടെ പരിശോധനകളിലൂടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടിയാണ് തദ്ദേശീയമായി നമുക്ക് ആവശ്യമായ പഴങ്ങളും പച്ചക്കറികളും സുരക്ഷിത മാർഗ്ഗങ്ങളിലൂടെ ഉല്പാദിപ്പിക്കുന്നതിനു വേണ്ടിയാണു പോഷക സമൃദ്ധി മിഷൻ, ജൈവ കാർഷിക മിഷൻ എന്നീ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നത്. ജൈവ ഉൽപ്പനങ്ങൾക്ക് സാക്ഷ്യപത്രം അനുവദിച്ച് വിപണിയിൽ കൂടുതൽ സ്വീകാര്യത ഉറപ്പാക്കുന്ന പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്.

വിഷരഹിത പച്ചക്കറി ഉല്പാദനത്തിൽ കൃഷിവകുപ്പ് സ്വീകരിച്ച നടപടികളെ കുറിച്ച് ഉടുമ്പൻചോല എം.എൽ. എ. എം. എം. മണി ഉന്നയിച്ച ചോദ്യത്തിന് മറുപടി പറയുകയായിരുന്നു മന്ത്രി.

കേരളത്തിൽ സമ്പൂർണ്ണ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞം. നമുക്ക് ആവശ്യമായ പച്ചക്കറി ഇവിടെ തന്നെ ഉല്പാദിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഐ.സി.എം.ആർ. റിപോർട്ടുകൾ പ്രകാരം കേരളത്തിന്റെ ശരാശരി പഴം-പച്ചക്കറി ഉപഭോഗം ദേശിയ ശരാശരിയായ 225 ഗ്രാമിന്റെ സ്ഥാനത്ത് 160 ഗ്രാമാണ്. മലയാളികളുടെ ആരോഗ്യം സംരക്ഷിക്കുക എന്ന പ്രധാനമായ ലക്ഷ്യത്തിലേക്ക് എത്തിച്ചേരുന്നതിനു കൃഷി വകുപ്പ് പദ്ധതികളോടൊപ്പം മറ്റു വകുപ്പുകളിലെ പദ്ധതികളും സംയോജിപ്പിച്ചുകൊണ്ട്, സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞത്തിന് തുടക്കം കുറിക്കാനും 2028 ഓട് കൂടി പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരാനുമാണ് സർക്കാർ ലക്ഷ്യം വെയ്ക്കുന്നത്. ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ തന്നെ പ്രാരംഭമായ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും പദ്ധതിയുടെ അന്തിമമായ രൂപരേഖ തയ്യാറാക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും എല്ലാ വകുപ്പുകളുടെയും സഹകരണത്തോടെ ഒരു ജനകീയ യജ്ഞമായി ഈ പദ്ധതി നടപ്പിലാക്കുമെന്നും മന്ത്രി നിയമസഭയിൽ അറിയിച്ചു. എല്ലാ നിയമസഭാ അംഗങ്ങളുടെയും അസ്സംബ്ലി മണ്ഡല അടിസ്ഥാനത്തിൽ നടത്തപ്പെടേണ്ട യോഗങ്ങളുടെ മേൽനോട്ടം ഉൾപ്പെടെ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് പിന്തുണ ഇക്കാര്യത്തിൽ മന്ത്രി അഭ്യർത്ഥിച്ചു. ആറ്റിങ്ങൽ എം.എൽ.എ. ശ്രീമതി. ഒ.എസ്. അംബികയുടെ ചോദ്യത്തിന് മറുപടി പറയുകയായിരുന്നു മന്ത്രി.

വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹനത്തിന് സങ്കരയിനങ്ങളും, അതുല്പാദന ശേഷിയുള്ള പച്ചക്കറിയിനങ്ങളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത് കൂടാതെ കാർഷിക സർവ്വകലാശാല 79 ഇനം പ്രത്യുല്പാദന ശേഷിയുള്ള ഇനങ്ങളും 10 സങ്കരയിനങ്ങളും കർഷകർക്ക് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ചിൽ നിന്നും അർക്ക നിഖിത എന്ന വെണ്ട ഇനം സംസ്ഥാനത്ത് വിതരണം ചെയ്യുന്നുണ്ട്. കൂടാതെ കാർഷിക സർവ്വകലാശാല വികസിപ്പിച്ച പ്രജനി, പ്രഗതി

എന്നീ പാവല്‍ ഇനങ്ങള്‍ ഹെക്ടറിന് 35-40 ടണ്‍ എന്ന നിരക്കില്‍ ഉല്പാദന ശേഷിയുള്ളവയാണ്. ഇതും കര്‍ഷകര്‍ക്ക് വാണിജ്യാടിസ്ഥാനത്തില്‍ കൃഷി ചെയ്യുന്നതിന് വിതരണം ചെയ്യും. ഉല്പാദിപ്പിക്കുന്ന ഉത്പന്നങ്ങള്‍ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും സംവിധാനം ഒരുക്കുമെന്നും മന്ത്രി നിയമസഭയില്‍ വൈപ്പിന്‍ എം.എല്‍.എ. കെ.എ. ഉണ്ണികൃഷ്ണന്റെ ചോദ്യത്തിന് മറുപടിയായി മന്ത്രി പറഞ്ഞു.

**പ്രിന്‍സിപ്പല്‍ ഇന്‍ഫര്‍മേഷന്‍ ഓഫീസര്‍**